LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റോഡിന്റെ പേര്

1 അഗംപ്പാടം ചാട്ടിയോട് ആലുവശ്ശേരി

2 കണിമംഗലം കോഴിക്കോട്

3 എൻ.എസ്.എസ്. കോളേജ്, പയിറ്റാംകുന്ന്

4 പാപ്പാൻചള്ള ചെമ്മനാംതോട്

5 പാളിയമംഗലം മുക്കൻചിറ.

(ബി) പദ്ധതിയിൽ ഏറ്റെടുത്ത പാളിയമംഗലം മുക്കൻച്ചിറ എന്ന റോഡാണ് പൂർത്തീകരിച്ചത്.

(സി) പി.എം.ജി.എസ്.വൈ പദ്ധതിയിൽ പുതിയ റോഡുകളൊന്നും അനുവദിച്ചിട്ടില്ല.

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിൽ ദിനങ്ങൾ

26 (1497) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ വർഷവും സംസ്ഥാനത്ത് എത്ര തൊഴിൽ ദിനങ്ങളാണ് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സൃഷ്ടിക്കാൻ കഴിഞ്ഞത്;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര രൂപയാണ് ചെലവിട്ടത്;

(സി) പ്രസ്തുത ചെലവിനത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഓരോ വർഷവും സംസ്ഥാനത്ത് സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ)
2011-12	633.1
2012-13	837.74
2013-14	865.94
2014-15	588.19
2015-16 (30-11-2015 വരെ)	415.2

(ബി) പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2011-12	70162.19
2012-13	104807.84
2013-14	131121.95
2014-15	161737.8
2015-16 (27-11-2015 വരെ)	109781.65

(സി) പ്രസ്തുത ചെലവിനത്തിൽ ഓരോ വർഷവും ലഭിച്ച കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം ചുവടെ ചേർക്കുന്നു.

വർഷം	കേന്ദ്രസംസ്ഥാനസർക്കാരുകളുടെ വിഹിതം (ലക്ഷത്തിൽ)	
	കേന്ദ്ര സർക്കാർ	സംസ്ഥാന സർക്കാർ
2011-12	95105.42	2510.12
2012-13	131117.81	2102.03
2013-14	127710.93	1512.8
2014-15	158758.02	4000
2015-16 (27-1-2015 വരെ)	107382.14	2500.44

LIBRARY ARCHIVES Kerala Legislative Assembly